SJD/3528/2022-G2

I/56449/2022

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി :22-08-2022
Email - swdkerala@gmail.com
Phone - 0471 – 2306040

സാമൂഹ്യനീതി ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കും,

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് – ഓർഫനേജ് കൺട്രോൾ ബോർഡ് തീരുമാനം - ആഗസ്റ്റ് 26 - മദർ തെരേസ ജൻമദിനം അനാഥ അഗതി ദിനമായി ആചരിക്കുന്നത് - സംബന്ധിച്ച്.

സൂചന :- ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 22/08/2022 - ലെ ഒസിബി 1-582/2022 നം. കത്ത്.

മദർ തെരേസയുടെ ജന്മദിനമായ ആഗസ്റ്റ് 26 അനാഥ അഗതി ദിനമായി ആചരിക്കുവാൻ 15/06/2010 ലെ സ.ഉ.(ആർ.ടി) നം. 280/2010/സാ.ക്ഷേ.(സി) വ. നം. ഉത്തരവിലൂടെ സർക്കാർ നിർദേശിച്ചിട്ടുണ്ട്. ആയതു പ്രകാരം 2022 ആഗസ്റ്റ് 26 അനാഥ അഗതി ദിനമായി ആചരിക്കുവാൻ തീരുമാനിച്ചിട്ടുള്ളതായി സൂചന പ്രകാരം അറിയിപ്പ് ലഭിച്ചിരിക്കുന്നു .സംസ്ഥാനതല ദിനാചരണം 2022 ആഗസ്റ്റ് 26 ന് തിരുവനന്തപുരത്ത് വെച്ച് ബഹു. സാമൂഹ്യനീതി വകുപ്പ് മന്ത്രി ഉദ്ഘാടനം ചെയ്യുന്നതാണ്.

ജില്ലാതലത്തിൽ പ്രസ്തുത ദിനാചരണം സംഘടിപ്പിക്കേണ്ട സാഹചര്യത്തിൽ ആയതിനു ആവശ്യമായ നടപടികൾ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർ കൈക്കൊള്ളേണ്ടതാണ് . ജില്ലാതല ചുമതലയുള്ള ഓർഫനേജ് കൺട്രോൾ ബോർഡ് അംഗങ്ങളുമായി ആലോചിച്ച് ഒരു നിശ്ചിത കേന്ദ്രത്തിൽ ക്ഷേമസ്ഥാപനങ്ങളിൽ നിന്ന് താമസക്കാരെ എത്തിച്ച് ആഗസ്റ്റ് 26 നു പ്രമുഖ വ്യക്തികളെ ഉൾപ്പെടെ പങ്കെടുപ്പിച്ച് ടി ദിനാചരണം സംഘടിപ്പിക്കുവാൻ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ നേതൃത്വം നൽകേണ്ടതാണ്. കൂടാതെ, ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ക്ഷേമസ്ഥാപനങ്ങളിൽ ടി ദിനാചരണം സംഘടിപ്പിക്കുന്നതിന് അറിയിപ്പ് നൽകേണ്ടതുമാണ്. ദിനാചരണത്തിന്റെ ചെലവിലേയ്ക്കുള്ള തുക സർക്കാർ ഉത്തരവ് വരുന്ന മുറയ്ക്ക് ജില്ലാ ഓഫീസുകൾക്ക് അനുവദിക്കുന്നതാണ്.

വിശ്വസ്തതയോടെ,

സാമൂഹ്യനീതി ഡയറക്ടർക്ക് വേണ്ടി